(ഡി) അതിനു കേരളത്തിൽ ആരാണു ഏജൻറു്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) പകരം ഉപയോഗിക്കുന്നതു് പെസ്കണക്ടുസു് ആണു്. മെസ്സേഴ്സു് പെസ്റ്റു കൺട്രോം കമ്പനിയുടെ എറണാകുളം ബ്രാഞ്ചിൽ നിന്നും 1962-ൽ പെസ്കണക്ടുസു് വാങ്ങിയിട്ടുണ്ടു്. അതിനുശേഷം വാങ്ങിയിട്ടില്ല.

(ഡി) പെസ്റ്റു് കൺട്രോം കമ്പനി ബ്രാഞ്ചു്

റൂറൽ മാൻ പവ്വർ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി.

* 214. [59] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) റൂറൽമാൻപവ്വർ പ്രയോജനപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ സ്വഭാവമെന്താണു്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉണ്ടു്.

(ബി) തൊഴിലില്ലായ്മ വളരെയധികം അനുഭവപ്പെടുന്ന പിന്നോക്കപ്രദേശങ്ങളെയാണു് പദ്ധതിയുടെ പ്രവർത്തനത്തിനായി തിരഞ്ഞെടുക്കുന്നതു്. കാഷ്ടികപ്രവർത്തനങ്ങളും നടക്കാത്ത മാസങ്ങളിൽ തൊഴിൽ പ്രാധാന്യമുള്ള ചെറുകിട ജലസേചനം റോഡുനിർമ്മാണം, മണ്ണു സംരക്ഷണം മുതലായ പ്രവൃത്തികളും ഈ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്തു് നടത്തുന്നു. പ്രവൃത്തികളും തൊഴിലാളികളുടേതായ സഹകരണസംഘങ്ങളും, പഞ്ചായത്തുകളും മുതലായവയെ ഭാരമേൽപ്പിക്കുന്നു. കൺട്രാക്ടറന്മാരെ ഇത്തരം പ്രവൃത്തികളും നടത്തുവാൻ അനുവദിക്കാറില്ല. ഉൽപ്പാദന വർദ്ധന സംജാതമാക്കുന്നതിനു പുറമേ സമൂഹത്തിൻെറ പൊതുവായ ആസ്തികളും വർദ്ധിപ്പിക്കുകവഴി തൊഴിലില്ലായ്മ ഭാഗികമായി പരിഹരിക്കുവാൻ സഹായിക്കുന്നു. എന്നതാണു് ഈ പദ്ധതിയുടെ സവിശേഷത.

UNSTARRED QUESTIONS AND ANSWERS POSTED FOR ANSWER ON 4-2-1964.

കൊട്ടാരക്കര ഗവണ്മെൻറു ബോയ്സു്, ഗേൾസു് ഹൈസ്കൂളുകൾ

15. [1] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ഗവണ്മെൻറു ബോയ്സു്, ഗേൾസു് ഹൈസ്കൂളുകളിൽ വേണ്ടത്ര ബഞ്ചു്, ഡസ്കു് മുതലായ ഉപകരണങ്ങൾ ഇല്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവിടത്തെ കുട്ടികളിൽ ഒരു നല്ലവിഭാഗത്തിനെ നിലത്തിരുത്തിയാണു് ക്ലാസ്സുകൾ നടത്തുന്നതെന്നു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥിതി പരിഹരിക്കുവാൻ വേണ്ട നടപടികൾ ഉടനടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.
(ബി) ഇല്ല. നിലത്തിരുത്തുന്നില്ലെന്നാണറിവു്.
(സി) വേണ്ടത്ര ഉപകരണങ്ങളം നൽകുവാൻ നടപടികളം എടുത്തു കൊണ്ടിരിക്കുന്നു.

വാർദ്ധക്യകാല പെൻഷൻ.

16. [2] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ:

(എ) വാർദ്ധക്യകാല പെൻഷൻ നടപ്പാക്കിയതിനു ശേഷം ഇതേവരെയായി എത്ര ആളുകൾക്കു ഈ ആനുകൂല്യങ്ങളം നൽകിയിട്ടുണ്ടു്;

(ബി) ഓരോ താലൂക്കിലും കൊടുത്തിട്ടുള്ളതിന്റെ കണക്കു് മേശപ്പുറത്തുവയ്ക്കുമോ;

(സി) പെൻഷൻ കിട്ടിയതിനുശേഷം മരിച്ചവരുടെ സംഖ്യ എത്രയാണു്;

(ഡി) പെൻഷൻ അനുവദിച്ചുവെങ്കിലും കിട്ടാനുള്ള കാലതാമസം മൂലം, വാങ്ങാൻ കഴിയാതെ മരിച്ചവരുടെ സംഖ്യ എത്രയാണു്?

ഉത്തരം

(എ) 13,056 പേർക്കു് ഇതേവരെ ഈ ആനുകൂല്യങ്ങളം നൽകിയിട്ടുണ്ടു്.
(ബി) വിശദവിവരങ്ങളം അടങ്ങിയലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.*
(സി) 2,204.
(ഡി) 521 പേർ.

പട്ടികജാതി—വർഗ്ഗ വിദ്യാർത്ഥികൾക്കു് കണ്ണട വാങ്ങുന്നതിനുള്ള വിഷമം.

17. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുമുള്ളകുട്ടികൾ കണ്ണട ഉപയോഗിക്കണമെന്നു് മെഡിക്കലാഫീസറുടെ ഉപദേശമുണ്ടാകുന്ന കേസ്സുകളിൽ കാശില്ലാതെ വിദ്യാർത്ഥികൾ വിഷമിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള കുട്ടികൾക്കു് കണ്ണട വാങ്ങുന്നതിനു് ഡിപ്പാർട്ടമെൻറിൽനിന്നും സഹായധനം നല്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) 1963-64 സാമ്പത്തികവർഷത്തിൽ (1963 ഡിസംബർ 31-ാം തീയതിവരെ) ഈ ഇനത്തിൽ എത്രപേർക്കു് സഹായധനം നൽകി;

(ഡി) അങ്ങനെ സഹായധനം ലഭിച്ചവരുടെ ലിസ്റ്റു് മേശപ്പുറത്തുവയ്ക്കുവാൻ ഭയവുണ്ടാകുമോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.
(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹരിജൻ വെൽഫെയർ ഡയറക്ടർ

18. [5] ശ്രീ. പി. സി. ആദിച്ചൻ. താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

** Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly